# 3

# ബുദ്ധിമുട്ടുകളോടുള്ള പൗലൊസിന്റെ മനോഭാവം

# (1:12- 20)

ഒരു ആപ്തവാക്യം പറയുന്നത്, “ജീവിതം നിങ്ങൾക്ക് ഒരു നാരങ്ങയാണ് തരുന്നതെങ്കിൽ, നാരങ്ങ നീരുണ്ടാക്കുക.” ചിത്രീകരണം വളരെ സ്പഷ്ടമാണ്: നാരങ്ങനീർ മാത്രമാണെങ്കിൽ പുളിക്കും, എന്നാൽ അതിൽ തണുത്ത വെള്ളവും അൽപം പഞ്ചസാരയും ചേർത്താൽ നവോന്മേഷം പകരുന്ന നാരങ്ങാവെള്ളമായി മാറും. ദൃഷ്ടാന്തം വളരെ ഉചിതമായതാണ്. ജീവിതം ചിലപ്പോൾ “നാരങ്ങ” പോലെയാണ്-രുചികരമല്ലാത്ത അനുഭവങ്ങളാകും ഉണ്ടാകുക. അങ്ങനെ വരുമ്പോൾ, ഒന്നുകിൽ സാഹചര്യത്തെ സഹിക്കുകയോ അല്ലെങ്കിൽ അതിൽനിന്നു നന്മ സ്വീകരിക്കുവാൻ ശ്രമിക്കുക: “നാരങ്ങയെ” “നാരങ്ങനീരാക്കി” മാറ്റുക.

പൗലൊസ് ഒരുപക്ഷെ ആ ദൃഷ്ടാന്തം കേട്ടിരിക്കുവാനിടയില്ല, എങ്കിലും, അതിന്റെ പിന്നിലെ തത്വം അവനു അറിയാമായിരുന്നു. ക്രിസ്ത്യാനിയായി തീർന്നപ്പോൾ മുതൽ അവന് “ഓരോ വണ്ടി” “നാരങ്ങ” ആണ് ലഭിച്ചുകൊണ്ടിരുന്നത്. അവനു നേരിടേണ്ടിവന്ന ചില ദുരനുഭവങ്ങൾ പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (പ്രവൃ. 9:1–23:11), എന്നാൽ അതെല്ലാം അവൻ കർത്താവിനു വേണ്ടി അനുഭവിച്ചതിന്റെ ഒരംശം മാത്രമെ ആകുന്നുള്ളു (2 കൊ. 11:23–30 നോക്കുക). അവനെ അവസാനമായി തരം താഴ്ത്തിയത്, അകാരണമായി തടവിലാക്കിക്കൊണ്ടായിരുന്നു. രണ്ട് വർഷം അവൻ കൈസര്യയിൽ ചെലവഴിച്ചു (പ്രവൃ. 23:12–26:32). കൈസറിനെ അഭയം തേടിയപ്പോൾ അവനെ റോമിലേക്ക് അയച്ചു (പ്രവൃ. 25:10–12; 27:1–28:15). പൗലൊസ് ഫിലിപ്പിയർക്ക് ലേഖനം എഴുതുമ്പോഴേക്ക് അവൻ റോമിൽ രണ്ട് വർഷം തടവ് അനുഭവിച്ചു കഴിഞ്ഞിരുന്നു (പ്രവൃ. 28:30; 28:16–31 നോക്കുക).

ഒരു ഉപദേഷ്ടാവായി റോം സന്ദർശിക്കുവാൻ പൗലൊസ് ആഗ്രഹിച്ചിരുന്നു (റോമർ 1:10, 11, 13; 15:22–24). പകരം, അവൻ അവിടെ ഒരു തടവുകാരനായിട്ടായിരുന്നു ചെന്നത്, ഒരു വയസനായ ഉപദേഷ്ടാവ് ചങ്ങലയാൽ ബന്ധിതനായിട്ടായിരുന്നു. പ്രവൃത്തികൾ 28; എഫെസ്യർ 6:20; ഫിലെമോൻ 9 ഉം വായിക്കുക. ഈ രണ്ട് വേദഭാഗങ്ങളിലും, “ബന്ധനം” എന്നതിനുള്ള ഗ്രീക്ക് വാക്ക് (*ഹലൂസിസ്*) അർത്ഥം, “തടവുകാരന്റെ ഒരു കയ്യും കാവൽക്കാരന്റെ ഒരു കയ്യും തമ്മിൽ ചെറിയ ചങ്ങലകൊണ്ട് ബന്ധിപ്പിച്ചാൽ പിന്നെ രക്ഷപ്പെടുവാൻ കഴിയുകയില്ല.”[1] ചിലർ കാണുന്നത് പൗലൊസിന്റെ നിയന്ത്രണത്തെയായിരിക്കാം, അവൻ അനുഭവിച്ച അവമാനങ്ങളെ നോക്കി അവനോട് അനുകമ്പാപൂർവ്വമായിരിക്കാം മറ്റുള്ളവർ വീക്ഷിച്ചത്. എങ്ങനെയായാലും, നമ്മുടെ ശ്രദ്ധ കാണുന്നവയിൽനിന്നു കാണാത്തവയിലേക്ക് തിരിക്കണം: അത്തരം സാഹചര്യങ്ങളിൽ മറ്റുള്ളവർ സ്വയം-പരിതപിച്ചുകഴിയുമ്പോൾ, പൗലൊസ് അല്പം പോലും കയ്പ് വെച്ചിരുന്നില്ല എന്ന് 1:12–20 വായിച്ചാൽ മനസിലാ

കും. തന്റെ സാഹചര്യത്തെ പൗലൊസ് അപകടമായിട്ടല്ല, വിജയമമായിട്ടാണ് കണ്ടത്. തന്നെ അവൻ ഒരു കുറ്റവാളിയായിട്ടല്ല, വിജയിയായിട്ടാണ് കണ്ടത്. അപ്പൊസ്തലന്റെ കണ്ണിലുടെ കാണുക എന്നതായിരുന്നു ഫിലിപ്പിയ ലേഖനം വായിക്കുന്ന വായനക്കാരന്റെ വെല്ലുവിളി, എങ്കിൽ മാത്രമെ അവൻ കണ്ടതു പോലെ സാഹചര്യങ്ങൾ കാണുവാൻ കഴിയുകയുള്ളു.

## ദൈവനാമം നിമിത്തമുള്ള പുരോഗതി കാണൽ (1:12-14)

**12സഹോദരന്മാരേ, എനിക്ക് ഭവിച്ചത് സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് കാരണമായി തീർന്നു എന്നു നിങ്ങൾ അറിവാൻ ഞാൻ ഇഛരിക്കുന്നു.**

**വാക്യം 12.** പൗലൊസിന്റെ ലേഖനത്തിന്റെ മുഖ്യ ഭാഗം ആരംഭിക്കുന്നത് ഈ വാക്യത്തിലാണ്. ലേഖകൻ എങ്ങനെയിരിക്കുന്നു എന്നതടക്കമുള്ള വ്യക്തിപരമായ കുറിപ്പോടുകൂടി ഒരു ലേഖനത്തിന്റെ മുഖ്യഭാഗം ആരംഭിക്കുക എന്നത് ഒരു പതിവായിരുന്നു. ഒരു വിധത്തിൽ, വ്യക്തിപരമായ വിവരത്തോടുകൂടി ലേഖനത്തിന്റെ മുഖ്യഭാഗം ആരംഭിക്കുന്നു എന്നു പറയാം, ... എന്നാൽ വാസ്തവത്തിൽ അല്ല എന്നും പറയാം. കാരണം അവന്റെ കണ്ണുകൾ യേശുവിലും അവന്റെ സുവിശേഷത്തിലും ആയിരുന്നു, അല്ലാതെ തന്നിൽ ആയിരുന്നില്ല.

അവൻ തുടങ്ങി, സഹോദരന്മാരേ, ഇപ്പോൾ **നിങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു**. "സഹോദരൻ" "സഹോദരന്മാർ" എന്നീ വാക്കുകൾ പൗലൊസിനു ഇഷ്ടമായിരുന്നു. അത് ഒരു കുടുംബ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. ആ വാക്കുകൾ തന്റെ ലേഖനങ്ങളിലെല്ലാം ഏകദേശം 130 പ്രാവശ്യത്തോളം ഉപയോഗിച്ചിരിക്കുന്നു. ഈ ചെറിയ വാല്യത്തിലെ നാല് അദ്ധ്യായങ്ങളിൽ ഒമ്പതു പ്രാവശ്യമാണ് ഉപയോഗിച്ചിരിക്കുന്നത് (1:12, 14; 2:25; 3:1, 13, 17; 4:1, 8, 21).

**എനിക്ക് ഭവിച്ചതിൽ** എന്ന പ്രയോഗത്തിൽ ഭൂതകാലത്തിൽ അവൻ അനുഭവിച്ചതും വർത്തമാനകാലത്തിൽ അവൻ സഹിച്ചുകൊണ്ടിരിക്കുന്നതും ഉൾപ്പെടുന്നു. അവയെല്ലാം അവൻ ഇവിടെ രണ്ടു വാക്കുകളിൽ ഒതുക്കിയിരിക്കുകയാണ്–"എനിക്ക് ഭവിച്ചത്"–താൻ അനുഭവിച്ച തടവുകളെയോ, തല്ലുകളെയോ, ചാട്ടവാറടികളെയോ, കല്ലേറുകളെയോ, മറ്റു ബുദ്ധിമുട്ടുകളെയോ വിവരിക്കുന്നില്ല.

അവന്റെ മനസ് പ്രശ്നങ്ങളിൽ തളച്ചിട്ടിരുന്നില്ല, മറിച്ച് അഭിവൃദ്ധിയിലായിരുന്നു: **സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു** കാരണമായി. "സുവിശേഷം" എന്ന വാക്ക് തർജിമ ചെയ്തത് സംയുക്ത ഗ്രീക്ക് വാക്കായ *യുവാഞ്ചെലിയോൺ* എന്നതിൽ നിന്നാണ്, അർത്ഥം, "സുവാർത്ത" എന്നാണ്.

സുവിശേഷത്തിന്റെ അഭിവൃദ്ധിയെ കുറിച്ച് അപ്പൊസ്തലൻ പറഞ്ഞപ്പോൾ അവൻ ഉപയോഗിച്ചത് സുചിത്രിതമായ വാക്കാണ്. "അഭിവൃദ്ധി" എന്നത് തർജിമ ചെയ്ത സംയുക്തവാക്ക് *പ്രോകോപെ* ആണ്, അതിന്റെ ക്രിയാരൂപം, *പ്രോകോപ്റ്റോ* ആണ്, അർത്ഥം "മുൻപോട്ട് മുറിക്കുക"[2] "കുറ്റിച്ചെടികൾ മുറിച്ചു മാറ്റുന്നതിനാണ് ആദ്യം ആ വാക്ക് ഉപയോഗിച്ചത്"[3] സൈന്യത്തിനു മുൻപ് സഞ്ചരിച്ച് തടസങ്ങളെല്ലാം മുറിച്ച് മാറ്റുവാൻ എഞ്ചി

നീയർമാരെ നിയോഗിച്ചിരുന്നതിനും ആ വാക്ക് ഉപയോഗിച്ചിരുന്നു.[4] അത് പലപ്പോഴും പുതിയ പ്രദേശത്തിന്നു വഴി ഒരുക്കി. പൗലൊസിന്റെ തടവ് സുവിശേഷത്തിന്നു "മാർഗം ഒരുങ്ങി!"

## നഷ്ടപ്പെട്ടവരോടുള്ള ബന്ധം (1:13)

**[13]എന്റെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തം ആകുന്നു എന്നു അകമ്പടി പട്ടാളത്തിൽ ഒക്കെയും ശേഷം എല്ലാവർക്കും തെളിവായി വരികയും.**

**വാക്യം 13.** തന്റെ ബന്ധനം നിമിത്തം സുവിശേഷം അഭിവൃദ്ധിപ്രാപിക്കുവാനിടയായ രണ്ടു കാരണങ്ങൾ പൗലൊസ് നൽകി. ഒന്നാമത്തേത് നഷ്ടപ്പെട്ടവരുമായുള്ള ബന്ധമായിരുന്നു. അവനെ യെരുശലേമിൽ വെച്ചു പിടിച്ചതുമുതൽ പൗലൊസ് സുവിശേഷപ്രവർത്തിനുള്ള അവസരങ്ങളെല്ലാം മഹനീയമായി ഉപയോഗിച്ചു. യെഹൂദന്മാരുടെ ന്യായാധിപസഭയോട് അവൻ പ്രസംഗിച്ചു, റോമാ നാടുവാഴിയോടും, രാജാവിനോടുമടക്കം മറ്റു ഉയർന്ന ഉദ്യോഗസ്ഥരോടും സുവിശേഷം പ്രസംഗിച്ചു (പ്രവൃ. 23:1; 24:10, 24, 25; 25:23; 26:1). എങ്ങനെയായാലും, എന്നാൽ ആ അവസരങ്ങളൊന്നും അവനെ പടയാളികളുമായി ബന്ധിച്ചിരുന്നപ്പോൾ ലഭിച്ച അവസരത്തിൽ ലഭിച്ച പ്രതിഫലത്തോടു ഒത്തു വരികയില്ല (പ്രവൃ. 28:16 നോക്കുക). "സുവിശേഷത്തിന്റെ വലിയ അഭിവൃദ്ധിയെ" കുറിച്ച് വിവരിച്ച (ഫിലി. 1:12) ശേഷം അവൻ പറഞ്ഞു, **എനിക്ക് ഭവിച്ചത് സുവിശേഷം നിമിത്തമെന്ന് അകമ്പടിപട്ടാളത്തിൽ ഒക്കെയും പേർ അറിഞ്ഞു.**

അകമ്പടിപട്ടാളം എന്ന വാക്കിന്റെ ഇംഗ്ലീഷ് വാക്ക് ഗ്രീക്കിൽനിന്നു അങ്ങനെ തന്നെ മാറ്റി എഴുതിയിരിക്കുകയാണ് "പ്രെയിറ്റോറിയൻ ഗാർഡ്" (*പ്രെയിറ്റോറിയോൻ*), അതിനെ "പ്രെയിറ്റോറിയം" എന്നും പറയാം. ചിലർ അത് ചക്രവർത്തിയുടെ രാജധാനിയാണെന്ന് ധരിച്ചിരിക്കുന്നു (കെജെവി). കൈസരുടെ രാജധാനിയിലും സുവിശേഷം എത്തി എന്നത് വാസ്തവമാണ് (4:22), ഇവിടെ വചനം എത്തി എന്നു പറയുന്നത് അകമ്പടിപട്ടാളത്തിലെ കാവൽക്കാരനെ ഉദ്ദേശിച്ചാണെന്ന് ഭൂരിഭാഗം വ്യാഖ്യാതാക്കളും കരുതുന്നു. അകമ്പടിസേവകർ പൊതുവെ സൈന്യത്തിലെ ഏറ്റവും നല്ല പടയാളികളായിരിക്കും. ആ സംഘത്തെ ഇമ്പീരിയൽ ഗാർഡ് ഓഫ് റോം എന്നാണ് വിളിച്ചിരുന്നത്.[5] ആ ഇറ്റാലിയൻ സംഘത്തിൽ പതിനായിരം തിരഞ്ഞെടുക്കപ്പെട്ടവർക്ക് ശതാധിപന്റെ (ഒരു ഉദ്യോഗസ്ഥന്റെ കീഴിൽ നൂറു പടയാളികൾ വരും) റാങ്കും ഉണ്ടായിരുന്നു. മറ്റു ജോലികൾക്കൊപ്പം അവർ ചക്രവർത്തിയുടെ സംരക്ഷകരുമായിരുന്നു. അവർ റോമിൽ നല്ല സ്വാധീനം ചെലുത്തുകയും, പിന്നീട് അവർ റോമാചക്രവർത്തിയെ തിരഞ്ഞെടുക്കുന്ന അവസ്ഥയിലേക്ക് ഉയരുകയും ചെയ്തു. അവർക്ക് ഇരട്ടി ശമ്പളവും താമസസൗകര്യവുമടക്കം പല ആനുകൂല്യങ്ങളും ഉണ്ടായിരുന്നു. പത്തു മുതൽ പന്ത്രണ്ടു വർഷത്തെ സേവനത്തിനുശേഷം വിരമിക്കുമ്പോൾ, അവർക്ക് റോമാ പൗരത്വവും മറ്റു സ്വാതന്ത്ര്യവും നൽകിയിരുന്നു. ഈ പടയാളി സംഘത്തിനു പൗലൊസിനെ ഏൽപിച്ചു കൊടുത്തതിനാൽ ഈ കേസ് റോമൻ ഉദ്യോഗസ്ഥർക്ക് എത്ര പ്രാധാന്യമുള്ളതായിരുന്നു എന്നു കാണിക്കുന്നു.

പൗലൊസിനെ കാത്തുകൊണ്ടിരുന്നവർ, അവരുടെ പരിശീലനമനുസ

രിച്ച് ഓരോ ആറു മണിക്കുറു കഴിയുമ്പോഴും, പടയാളികൾ മാറിയിരുന്നു. ആ പരിപാടിയനുസരിച്ച്, അപ്പൊസ്തലനു ചുരുങ്ങിയത് ഒരു ദിവസം നാല് പടയാളികളെ സ്വാധീനിക്കുവാൻ കഴിഞ്ഞിരുന്നു. പൗലൊസ് ഒരു പ്രവാസി എന്നായിരുന്നു പടയാളികൾ വിചാരിച്ചത്, എന്നാൽ അവൻ "സദസുള്ള പ്രവാസി" ആയി ദിവസവും തിരക്കുള്ളവനായിരുന്നു.

അവൻ ലേഖനങ്ങൾ പറഞ്ഞുകൊടുത്തപ്പോൾ, ഉദാഹരണത്തിന് ഫിലിപ്പിയർക്ക്.
അവൻ സ്നേഹിതന്മാരോട് സംസാരിച്ചപ്പോൾ, ഉദാഹരണത്തിന് തിമൊഥെയോസിനോടും എപ്പഫ്രൊദിത്തോസിനോടും (1:1; 2:25 നോക്കുക).
തന്നെ കാണുവാൻ വന്നവരെ അവൻ പഠിപ്പിച്ചു (പ്രവൃ. 28:17–31).
അവൻ ദൈവത്തെ സ്തുതിച്ചു പ്രാർത്ഥിച്ചപ്പോൾ (ഫിലി. 1:3, 4. പ്രവൃത്തികൾ 16:25 അവന്റെ മുൻപിലത്തെ തടവും, തടവിൽ ആയിരുന്നപ്പോൾ ചെയ്ത പ്രവൃത്തികളെയും കാണിക്കുന്നു.)
തന്നെ പിടിച്ചവരോട് സംസാരിക്കുകയും അവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്തുകൊണ്ട് (പടയാളികളോട് അവൻ സം സാരിച്ചതായി വേദഭാഗം പറയുന്നില്ല, പക്ഷെ അവനു ലഭിച്ച പ്രത്യേക ആവസരം ഒന്നും അവൻ പാഴാക്കുവാനിടയില്ല റോമർ. 1:14–16 നോക്കുക.)

പൗലൊസ്യം പദ്ധതിയിട്ടതുപോലെ റോമിലേക്ക് പോയി ചന്തസ്ഥലത്ത് പ്രസംഗിച്ചിരുന്നുവെങ്കിൽ, ഒരുപക്ഷെ ഒരു പടയാളിക്കു പോലും അവനെ കേൾക്കുന്നതു തടയുവാൻ കഴിയുമായിരുന്നില്ല. എങ്ങനെയായാലും, അവർ രാവും പകലും അവനുമായി ചങ്ങലയാൽ ബന്ധിച്ചിരുന്നതുകൊണ്ട്, അവർക്ക് അവനെ അവഗണിക്കുവാൻ കഴിയുമായിരുന്നില്ല. മർമ്മപ്രധാനമായിട്ടാണ് ദൈവം പ്രവർത്തിക്കുന്നത്!

ആ കാവൽ പടയാളികളിൽ ആരെങ്കിലും ക്രിസ്ത്യാനി ആയോ? ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമനുസരിച്ച് ചിലർ ക്രിസ്ത്യാനികളായി തീർന്നിരുന്നു. ചുരുങ്ങിയത് പൗലൊസ് അവതരിപ്പിച്ചത് അവർക്ക് മനസിലായിരുന്നു. "ക്രിസ്തു നിമിത്തമായിരുന്നു താൻ ബന്ധിതനായത്" എന്ന് "അകമ്പടിപട്ടാളത്തിലുള്ളവർ ഒക്കെയും" *അറിഞ്ഞിരുന്നു* (എംഫസിസ് ആഡഡ്). അവൻ കുറ്റമൊന്നും ചെയ്തിട്ടല്ല തടവിലായത്, മറിച്ച് ക്രിസ്തുവിലുള്ള വിശ്വാസം നിമിത്തം ആയിരുന്നു. എൻഐവിയിൽ "ഞാൻ ബദ്ധനായിരിക്കുന്നത് ക്രിസ്തുവിനു വേണ്ടിയാണെന്ന് രാജധാനി കാവൽക്കാർക്കും മറ്റെല്ലാവർക്കും വ്യക്തമായി മനസിലായിരുന്നു."

താൻ "ബദ്ധനായിരിക്കുന്നത് ക്രിസ്തു നിമിത്തമായിരുന്നു" എന്ന് **മറ്റെല്ലാവർക്കും അറിയാം** എന്നാണ് പൗലൊസ് പറഞ്ഞത്. പൗലൊസ് സ്വാധീനിച്ച മറ്റുള്ളവരെയും ഉൾപ്പെടുത്തിയാണ് "മറ്റെല്ലാവർക്കും" എന്നു പറഞ്ഞത്. (ഓടിപ്പോയിരുന്ന ഒനേസിമോസ് അവരിൽ ഒരാളായിരുന്നു; ഫിലെ. 10–21.) റോമിൽ, വാർത്തകൾ പെട്ടെന്നു വ്യാപിച്ചു. കൈസരുടെ ഭവനത്തിലുള്ളവരെ പരിവർത്തനം ചെയ്തതിലും പൗലൊസിനു പങ്കുണ്ടായിരുന്നേക്കാം (ഫിലി. 4:22). ദൈവത്തിന്റെ സന്ദേശവാഹകനെ ബന്ധിക്കുവാൻ കഴിഞ്ഞേ

ക്കാം, പക്ഷെ ദൈവസന്ദേശത്തെ ബന്ധിക്കുവാൻ സാധ്യമല്ല (2 തിമൊ. 2:9).

**രക്ഷിക്കപ്പെട്ടവരുടെ ധൈര്യം (1:14)**

**[14]സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ടു ദൈവത്തിന്റെ വചനം ഭയം കൂടാതെ പ്രസ്താവിപ്പാൻ അധികം തുനിയുകയും ചെയ്തിരിക്കുന്നു.**

**വാക്യം 14**. തന്റെ ബന്ധനം സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായിതീർന്നതിനു പൗലൊസ് രണ്ടാമത്തെ ഉദാഹരണം നൽകിയിരിക്കുന്നു: അവ രക്ഷിക്കപ്പെട്ടവർക്ക് ധൈര്യം നൽകി. **സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ടു ദൈവത്തിന്റെ വചനം ഭയം കൂടാതെ പ്രസ്താവിപ്പാൻ അധികം തുനിഞ്ഞു** എന്നാണ് അവൻ പറഞ്ഞത്. അത് എല്ലാവരെ സംബന്ധിച്ചും വാസ്തവമായിരുന്നില്ല–കുറച്ചു വാക്യങ്ങൾക്ക് ശേഷം അവൻ എഴുതിയത്–മിക്കവാറും പേരെ സംബന്ധിച്ച് അത് വാസ്തവമായിരുന്നു.

പൗലൊസിന്റെ ബന്ധനം എങ്ങനെ മറ്റുള്ളവർക്ക് "ധൈര്യം" നൽകി? തന്നെ കുറിച്ചു കരുതുന്നതിൽ പൗലൊസ് കർത്താവിൽ ആശ്രയിച്ചതു കണ്ടപ്പോൾ, ഒരുപക്ഷെ ദൈവത്തിലുള്ള അവരുടെ വിശ്വാസം വർദ്ധിച്ചിരിക്കാം. കുഴപ്പങ്ങൾ നേരിട്ടിട്ടും, അപ്പൊസ്തലന്റെ ഉറപ്പ് ഏതു പ്രതിസന്ധിയും നേരിടുന്നതിന് അവർക്ക് പ്രചോദനമായേക്കാം. ബന്ധനത്തിലുള്ള ഒരാൾ മുഖാന്തരം ദൈവം അത്ഭുതകരമായ കാര്യങ്ങൾ ചെയ്യുമെങ്കിൽ, അവരിലും ദൈവം വലിയ കാര്യങ്ങൾ ചെയ്യുമെന്ന് അവർ വിശ്വസിച്ചു. തന്റെ പ്രസ്ഥാനത്തിന്റെ മുഖ്യവക്താവിനെ നിയന്ത്രിച്ചിരിക്കയാൽ, അവരുടെ സുവിശേഷ പരിശ്രമങ്ങളിൽ ഒരുപക്ഷെ അധികം കഷ്ടത നേരിട്ടിരിക്കയില്ല.

"പ്രസംഗിക്കുക" എന്നതിനുള്ള സാധാരണ ഗ്രീക്ക് വാക്ക് (*കെറുസോ*, "പ്രഖ്യാപിക്കുക") പരസ്യ പ്രഖ്യാപനമാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത് (*ലാലെയോയുടെ* മറ്റൊരു രൂപം) ആ വാക്കിന്റെ അർത്ഥം, "സംസാരിക്കുക" എന്നാണ്. ഓരോ ക്രിസ്ത്യാനിയും ദിവസം–തോറും സുവിശേഷം പങ്കിടുന്നതിനെയാണ്, അല്ലാതെ പരസ്യ പ്രഖ്യാപനത്തെയല്ല സൂചിപ്പിക്കുന്നത് (പ്രവൃ. 8:1, 4).

ആരംഭത്തിൽ ക്രിസ്ത്യാനിത്വത്തെ വിമർശിച്ച സെൽസസ് എന്ന വിമർശകൻ എഴുതിയത് "എരിവേറിയ സുവിശേഷ പ്രാസംഗികരായി തീർന്നത് തുകൽ ധാരികളും, കമ്പിളി ജോലിക്കാരും, ചെരുപ്പുകുത്തികളും, വിദ്യാരഹിതരുമായിരുന്നു."[6] സെൽസസ് അത് ഒരു വിമർശനമായിട്ടാണ് കരുതിയിരുന്നത്, എന്നാൽ ക്രിസ്ത്യാനികൾക്ക് അത് ഒരു ഉയർന്ന പുകഴ്ച്ചയായിരുന്നു. "വ്യവസായിയുടെ വാതായനവും, ചുങ്കക്കാരന്റെ മേശയും, കൃഷിക്കാരന്റെ കലപ്പയുടെ പിടിയും അവരുടെ പ്രസംഗപീഠമായിരുന്നു"[7] ഇതുപോലെ പൗലൊസിന്റെ ബന്ധനം അത്രമാത്രം ആളുകൾക്ക് ധൈര്യം പകർന്നു.

## ദൈവത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നത് കാണൽ (1:15-18)

**നിശ്ചയമില്ലാത്തവ (1:15, 16)**

**[15]ചിലർ ക്രിസ്തുവിനെ അസൂയയും പിണക്കവും നിമിത്തം പ്രസംഗിക്കുന്നു; ചിലരോ നല്ല മനസോടെ തന്നെ. [16]അവർ സുവിശേഷത്തിന്റെ പ്രതിവാദത്തിനായിട്ട് ഞാൻ ഇവിടെ കിടക്കുന്നു എന്നറിഞ്ഞിട്ട് അതു സ്നേഹത്താൽ ചെയ്യുന്നു.**

**വാക്യം 15, 16.** ബന്ധനം എന്ന തരംതാഴ്ത്തൽ മാത്രമായിരുന്നില്ല പൗലൊസ് അനുഭവിച്ചത്, പിന്നെയോ തന്നെ നിന്ദിക്കുകയും ഉപദ്രവിക്കുകയും ചെയ്ത സഹോദരന്മാരേയും പൗലൊസിനു സഹിക്കേണ്ടി വന്നിരുന്നു. ക്രിസ്തുവിന്റെ സുവിശേഷ പ്രസംഗം നടത്തിക്കൊണ്ടായിരുന്നു അവർ ചെയ്തത് എന്നതായിരുന്നു അസാധാരണത്വം.

**അസൂയയും പിണക്കവും നിമിത്തം ചിലർ ക്രിസ്തുവിനെ പ്രസംഗിച്ചിരുന്നു** (1:15). അവരുടെ പ്രസംഗത്താൽ പൗലൊസിന്റെ നിരാശ വർദ്ധിക്കുമെന്നായിരുന്നു അവരുടെ ധാരണ. അവർ ആരായിരുന്നു? അവർ ഒന്നുകിൽ അവിശ്വാസികളായിരിക്കാം അല്ലെങ്കിൽ, കഴിഞ്ഞ കാലത്ത് അപ്പൊസ്തലനെ ഉപദ്രവിച്ച യെഹൂദന്മാർ ആയിരുന്നേക്കാം. "സഹോദരന്മാർ" എന്നു പൗലൊസ് പലപ്പോഴും പറഞ്ഞിരിക്കുന്നത് ജഡത്തിലുള്ള തന്റെ യെഹൂദ–ന്മാരായവരെയാണ് (1:14 നോക്കുക); എന്നാൽ അത്തരം ആളുകൾ "ക്രിസ്തുവിനെ പ്രസംഗിക്കുന്നില്ലല്ലൊ." അവർ യെഹൂദമതത്തെയായിരുന്നി*ല്ല* ഉപദേശിച്ചിരുന്നത്–കൂടാതെ ഇവർ യെഹൂദ മതോപദേഷ്ടാക്കന്മാരുമായിരുന്നില്ല–യെഹൂദ ക്രിസ്ത്യാനികൾ പഠിപ്പിച്ചിരുന്നത് രക്ഷിക്കപ്പെടുവാൻ മോശെയുടെ പ്രമാണങ്ങൾ അനുസരിക്കണമെന്നായിരുന്നു. അവരുടെ സന്ദേശങ്ങളിൽ പൗലൊസ് സന്തോഷിച്ചിരുന്നില്ല (ഗലാ. 1:8, 9; 5:2–4), ഫിലിപ്പിയർ 1:18 ൽ സുവിശേഷം പറഞ്ഞവരിൽ അവൻ സന്തോഷിച്ചിരുന്നു. കുഴപ്പം സന്ദേശത്തിനായിരുന്നില്ല, സന്ദേശവാഹകരുടെ ലക്ഷ്യത്തിനായിരുന്നു കുഴപ്പം.

പൗലൊസിന്റെ മനസിൽ എന്തായിരുന്നു എന്നു നിശ്ചയമില്ല, ഒരുപക്ഷെ അവർ റോമിൽ സുവിശേഷം അറിയിച്ചിരുന്നവർ ആയിരുന്നേക്കാം, റോമിൽ ക്രിസ്തീയ സുവിശേഷകന്മാർ സുവിശേഷം എത്തിച്ചു കഴിഞ്ഞിരുന്നു. ഒരു നിയമമായി, "മറ്റൊരാളുടെ അടിസ്ഥാനത്തിന്മേൽ പണിയുവാൻ" പൗലൊസ് ആഗ്രഹിച്ചിരുന്നില്ല (റോമർ 15:20). അപ്പോഴും അവൻ റോം സന്ദർശിപ്പാൻ ആഗ്രഹിച്ചിരുന്നു (റോമർ 1:11–15). സുവിശേഷം റോമിൽനിന്നു വ്യാപിച്ച് റോമാസാമ്രാജ്യം എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം എത്തണമെന്ന കാര്യം അവന് അറിയാമായിരുന്നതു കാരണമാകാം.

അഞ്ചുവർഷങ്ങൾക്ക് മുൻപ്,[8] പൗലൊസ് റോമിലേക്ക് ലേഖനം എഴുതുമ്പോൾ രണ്ടു ഡസനിലധികം ക്രിസ്ത്യാനികളെ പേരെടുത്തു പറഞ്ഞിരിക്കുന്നു (റോമർ 16:3–16). അപ്പൊസ്തലൻ അവിടെ എത്തിയപ്പോഴേക്ക് പ്രാഗത്ഭ്യമുള്ള സുവിശേഷകന്മാർ പലരും അവിടെ എത്തിയിരുന്നു.

നിർഭാഗ്യവശാൽ, അവരിൽ ചിലർ അറിയപ്പെടാത്ത കാരണത്താൽ പൗലൊസിനെ ഇഷ്ടപ്പെട്ടിരുന്നില്ല. അവർക്ക് പൗലൊസിനോടുണ്ടായിരുന്ന

ശത്രുത റോമാ സഭയിൽ എല്ലാവരേയും അറിയിച്ചിരുന്നില്ല (പ്രവൃ. 28:14–16). പൗലൊസിനെ ഒരു തടവുകാരനായി കൊണ്ടുവന്നപ്പോൾ ആ സുവിശേഷകന്മാർ സഭയോട് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നവരായിരിക്കാം. അപ്പൊസ്തലനോടുണ്ടായിരുന്ന ആകർഷണീയതയിൽ അവർക്ക് അസൂയ ഉണ്ടായിരിക്കുവാനും സാധ്യതയുണ്ട്. അവരുടെ നേതൃത്വത്തിന് അവൻ ഭീഷണി ആകുമോ എന്ന് അവർ ഭയപ്പെട്ടിരിക്കാം.

തങ്ങളുടെ സുവിശേഷപ്രസംഗം തടവിലായ പൗലൊസിനെ "[അവന്റെ] തടവിൽ നിരാശപ്പെടുത്തിയേക്കുമെന്ന്" ആ പുരുഷന്മാർ വിചാരിച്ചിരിക്കാം. തങ്ങളുടെ സ്വയം–കേന്ദ്രീകൃതമായ ലക്ഷ്യങ്ങൾ പൗലൊസിനും ഉണ്ട് എന്നു അവർ കരുതിയിരിക്കാം. അതുകൊണ്ട്, പൗലൊസിന്റെ പ്രവർത്തനത്തെക്കാൾ തങ്ങളുടെ പ്രവർത്തനമാണ് "വിജയിക്കുന്നത്" എന്നതിനാൽ അത് പൗലൊസിനെ അസ്വസ്ഥമാക്കും എന്നു അവർ വിചാരിച്ചു. തീവ്രമായ സുവിശേഷ പ്രവർത്തനം അങ്ങിങ്ങായി നടത്തുമ്പോൾ റോമൻ അധികാരികൾ അസ്വസ്ഥമാകുകയും പൗലൊസിന്റെ സ്ഥിതി പിന്നെയും പരുങ്ങലിലാകുകയും ചെയ്യുമെന്ന് അവർ കരുതിയിരിക്കുവാനും സാധ്യതയുണ്ട്. അവർ അങ്ങനെ വിചാരിച്ചിരുന്നുവെങ്കിൽ അത് അവരെയും എതിരായി ബാധിക്കുമായിരുന്നു. എങ്ങനെയായാലും, അസൂയ എന്നത് യുക്തിപരമായിരുന്നില്ല. ആ ഉപദേഷ്ടാക്കന്മാർ സ്പഷ്ടമായും പൗലൊസിനോട് മൽസരിക്കുകയായിരുന്നു. "അസൂയയും പിണക്കവും" ഒരുമിച്ച് നീങ്ങുന്നതും അവ സഭയ്ക്ക് ശാപം വരുത്തുന്നവയുമാണ്.

മറ്റുള്ളവർ **നല്ല മനസോടെയും** (1:15) അവനോടുള്ള **സ്നേഹത്താലും** (1:16) "ക്രിസ്തുവിനെ പ്രസംഗിച്ചിരുന്നു" വാസ്തവത്തിൽ, 1:14 അനുസരിച്ച്, "മിക്ക സഹോദരന്മാരും" അങ്ങനെ ചെയ്തിരുന്നു. അവർ പൗലൊസ് ചെയ്തതിനും അവൻ എന്തിനു വേണ്ടി നിലനിന്നുവോ അതിനും അനുമോദിച്ചിരുന്നു. **സുവിശേഷത്തിന്റെ പ്രതിരോധത്തിനായിട്ടാണ്** അവനെ നിയമിച്ചിരിക്കുന്നതെന്ന് അവർക്ക് അറിയാമായിരുന്നു. സന്ദർഭത്തിൽ ഉപയോഗിച്ച ഗ്രീക്ക് വാക്ക് *കെയിമായി*, തർജിമ ചെയ്ത "നിയമിച്ചു" എന്നതിന്റെ അർത്ഥം, "ദൈവത്താൽ നിയമിതനായ" എന്നാണ്. യേശുവിനെ കുറിച്ചുള്ള സുവിശേഷത്തിന്റെ പ്രതിരോധത്തിനായിട്ടായിരുന്നു പൗലൊസിനെ "നിയമിച്ചത്."അധികം താമസിക്കുന്നതിനു മുൻപ് അവൻ കൈസരുടെ കോടതിയിൽ നിൽക്കേണ്ടതായിരുന്നു എങ്കിലും, അവൻ സ്വയപ്രതിരോധത്തെ കുറിച്ചു ചിന്തിച്ചിരുന്നില്ല; സുവിശേഷത്തെ പ്രതിരോധിക്കുക എന്നതായിരുന്നു അവന്റെ ചിന്ത.

കെജെവി വാക്യം 16 ഉം 17 ഉം തിരിച്ചാണ് കൊടുത്തിരിക്കുന്നത്. കയ്യെഴുത്തു പ്രതിയുടെ തെളിവ് എൻഏഎസ്ബിയോടു യോജിക്കുന്നതാണ്, എന്നാൽ ക്രമം വേദഭാഗത്തിന്റെ അർത്ഥത്തിനു വ്യത്യാസം വരുത്തുന്നില്ല.

**തീർച്ചയുള്ളവ (1:17, 18)**

**17മറ്റവരോ എന്റെ ബന്ധനങ്ങളിൽ എനിക്ക് ക്ലേശം വരുത്തുവാൻ ഭാവിച്ചുകൊണ്ട്, നിർമ്മലതയോടെയല്ല, ശാഠ്യത്താൽ അത്രേ ക്രിസ്തുവിനെ പ്രസംഗിക്കുന്നത്. 18പിന്നെ എന്ത്? നാട്യമായിട്ടോ പരമാർത്ഥമായിട്ടോ ഏതുവിധമായാലും ക്രിസ്തുവിനെയല്ലോ പ്രസംഗിക്കുന്നത് ഇതിൽ ഞാൻ സന്തോഷിക്കുന്നു.**

**അതെ, ഇനിയും സന്തോഷിക്കും.**

**വാക്യം 17.** "അസൂയയും പിണക്കവും നിമിത്തം ക്രിസ്തുവിനെ പ്രസം ഗിക്കുന്നവർ" **സ്വാർത്ഥലാഭത്തിനു വേണ്ടിയാണ്** അത് ചെയ്യുന്നത് എന്നു പൗലൊസ് പറഞ്ഞു. വേദഭാഗത്തിലെ വാക്ക്, *എരിതെയിയ*, "കൂലിക്കായി സേവിക്കുക" എന്നതായിരുന്നു ആരംഭത്തിലെ അർത്ഥം.[9] പിന്നെ അത് സ്വന്ത പ്രയോജനത്തിനു മാത്രമായി ശമ്പളത്തിനു മാത്രം ചെയ്യുന്ന അർത്ഥമായി തീർന്നു. അവസാനം, അത് രാഷ്ട്രീയ ബന്ധമുള്ളതായി മാറി: ആളുകളെ ഒരാ ളുടെ "നിരയിലേക്ക് കൊണ്ടുവരുവാൻ" ശമ്പളത്തിനായി പ്രവർത്തിക്കുക എന്ന സമ്പ്രദായമായി തീർന്നു.

**വാക്യം 18.** പൗലൊസിന് ദേഷ്യം തോന്നിയിരിക്കാം. "ഞാൻ തടവിൽ ആയിട്ട് നാല് വർഷം കഴിഞ്ഞിരിക്കുന്നു, ആ അസഹനീയമായ സാഹചര്യ ത്തിൽ എന്റെ കഴിവിന്റെ പരമാവധി കാര്യങ്ങൾ ഞാൻ ചേയ്തിരിക്കുന്നു. ഞാൻ നല്ല മനോഭാവത്തോടെ ഉപദേശിക്കയും, ലേഖനങ്ങൾ എഴുതുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ *എന്റെ സഹോദരന്മാർ* എന്നെ വേദനിപ്പിക്കുവാൻ ശ്രമിക്കുന്നു! അതു നന്നല്ല!" എന്നു വേണമെങ്കിൽ പൗലൊസിനു പറയുവാൻ കഴിയുമായിരുന്നു. പകരം, അവൻ പറഞ്ഞു, **പിന്നെ എന്തു നാട്യമായിട്ടോ പരമാർത്ഥമായിട്ടോ ഏതു വിധമായാലും ക്രിസ്തുവിനെയല്ലോ പ്രസംഗിക്കു ന്നത്**; **ഇതിൽ ഞാൻ സന്തോഷിക്കുന്നു**; ഇനിയും സന്തോഷിക്കും. ഇതിനെ "മഹാന്മാരിൽ ഒരാളുടെ മഹാ ശബ്ദം" എന്നു പറയുന്നു.[10] പൗലൊസ് പൗ ലൊസിനെ കുറിച്ചു കരുതിയില്ല. അവൻ സുവിശേഷത്തെ കുറിച്ചാണ് കരു തിയത്, തന്നെ ആളുകൾ വിമർശിക്കുന്നത് അവൻ പ്രശ്നമാക്കിയില്ല, സുവി ശേഷം പ്രസംഗിക്കുന്നതിലായിരുന്നു അവന്റെ സന്തോഷം.

ഒരാളുടെ ലക്ഷ്യങ്ങൾ അപ്രധാനമെന്നാണോ പൗലൊസ് പഠിപ്പിക്കുന്നത്? അല്ല. ഒരു വ്യക്തി ചെയ്യുന്നത് ദൈവസന്നിധിയിൽ എന്തുകൊണ്ടാണ് പ്രാ ധാന്യമുള്ളതാകുന്നത്? (1 കൊ. 13:1–3; റോമർ 16:17, 18; 2 കൊ. 9:7). മറ്റുള്ള വരുടെ തെറ്റായ ലക്ഷ്യങ്ങൾക്ക് അവരെ കുറ്റം ചുമത്തരുത് എന്നാണ് പൗ ലൊസ് പഠിപ്പിച്ചത്. തന്റെ ലക്ഷ്യങ്ങളെ ഓരോ വ്യക്തിയും പരിശോധിക്കു കയും കർത്താവ് അയാളുടെ ലക്ഷ്യങ്ങളെ വിധിക്കുവാൻ അനുവദിക്കുകയും ചെയ്യണം (എബ്രാ. 4:13; റോമർ 2:16).

## ദൈവത്തിന്റെ ആനുകൂല്യം ലഭിക്കുന്നത് നോക്കൽ (1:19, 20)

### പൗലൊസിന്റെ മോചനം (1:19)

**[19]നിങ്ങളുടെ പ്രാർത്ഥനയാലും യേശുക്രിസ്തുവിന്റെ ആത്മാവിന്റെ സഹായത്താലും അത് എനിക്ക് രക്ഷാകാരണമായി തീരും എന്നു ഞാൻ അറിയുന്നു.**

**വാക്യം 19.** പൗലൊസ് തന്റെ സാഹചര്യത്തെ നോക്കിയപ്പോൾ പിന്നെ എന്തെല്ലാമാണ് കണ്ടത്? സംഭവങ്ങൾ ഉച്ചസ്ഥായിയിലെത്തി "സന്തോഷക രമായി പര്യവസാനിക്കുന്നതായിട്ടാണ്" അവൻ കണ്ടത്. (വാക്യം 18 ഓടു

കൂടി വാക്യങ്ങൾ 19 ലും 20 ലും). വാക്യം 19 ഉം 20 ഉം തീവ്രതയോടെയാണ് എടുത്തുകാണിക്കുന്നത്. താൻ എന്തുകൊണ്ടാണ് സന്തോഷിക്കുന്നത് എന്ന് ആവർത്തിച്ചു പറയുന്നു. **ഞാൻ അറിയുന്നു** എന്നാണ് പൗലൊസ് പറഞ്ഞത്. അത് സാധാരണ "അറിയുന്നു" എന്നു പറയുന്ന വാക്കല്ല, "വിശ്വാസമുള്ള അറിവിനെ" ആണ് അത് സൂചിപ്പിക്കുന്നത്.[11] വാക്യം 20 ൽ തന്റെ "താൽപര്യമുള്ള പ്രതീക്ഷ" എന്തെന്നു പറഞ്ഞിരിക്കുന്നു.

സംഭവിച്ചതിലെല്ലാം പൗലൊസ് നോക്കിയപ്പോൾ, അവൻ രണ്ട് നല്ല ഫലങ്ങൾ കണ്ടു. ആദ്യത്തേത് തന്റെ മോചനമാണ്. **അത് എനിക്ക് രക്ഷാകാരണമായി തീരും.** "മോചനം" എന്നു തർജിമ ചെയ്യുവാൻ ഉപയോഗിച്ച വാക്ക് (*സോട്ടെരിയ* എന്നതിന്റെ രൂപഭേദമാണ്). അത് സാധാരണ തർജിമ ചെയ്തിരിക്കുന്നത് "രക്ഷ" എന്ന വാക്കായിട്ടാണ് (കെജെവി നോക്കുക). "രക്ഷ" നമ്മുടെ വിശ്വാസത്തിന്റെ ശക്തമായ ഭാഗവും ക്രിസ്ത്യാനികൾക്ക് അത് ഒഴിച്ചുകൂടാനാവാത്തതുമായ ആ വാക്ക് അതിൽ തന്നെ "ശൂന്യമാണ്" എന്ന കാര്യം നാം മറക്കുകയും ചെയ്യും. ഏതു തരം കുഴപ്പത്തിൽനിന്നുള്ള രക്ഷയാണെന്നു സന്ദർഭമാണ് വ്യക്തമാക്കുന്നത്. പൗലൊസിന്റെ മനസിൽ ഏതു തരത്തിലുള്ള "മോചനം"/"രക്ഷയാണ്" ഉണ്ടായിരുന്നത്? എന്തെല്ലാം സാധ്യതകളാണ് ഉണ്ടായിരുന്നത്?

തടവിൽനിന്നുള്ള മോചനം ആണോ? തന്റെ മോചനത്തെ കുറിച്ച് പൗലൊസിന് അത്ര ഉറപ്പില്ലായിരുന്നു (2:17, 23, 24 നോക്കുക) "ഞാൻ അറിയുന്നു" എന്ന വാക്ക് വിടുതലിനെ കുറിച്ചാണെങ്കിൽ ശക്തമാണ്.

ശത്രുക്കളുടെ അവമാനത്തിൽനിന്നും ദുരാരോപണത്തിൽനിന്നുമുള്ള വിടുതലാണോ? ആയിരിക്കാം. LXX ൽ ഇയ്യോബ് 13:16 ലെ വാക്ക് തന്നെയാണ് പൗലൊസ് ഉപയോഗിച്ചത്. പൗലൊസ് ഇയ്യോബിൽ നിന്നു ഉദ്ധരിച്ചതാണെന്ന് പല വ്യാഖ്യാതാക്കളും വിശ്വസിക്കുന്നു: "ഞാൻ നീതീകരിക്കപ്പെടും എന്നു ഞാൻ അറിയുന്നു." (ഇയ്യോ. 13:18).

നീറോ ചക്രവർത്തിയുടെ മുമ്പിലെ ലജ്ജയിൽനിന്നുള്ള മോചനം ആണോ? ഒരുപക്ഷെ ഇതു അടുത്ത വാക്യവുമായി യോജിക്കുന്നുണ്ടാകാം. റോമാ കോടതിയിൽ വിചാരണക്ക് നിൽക്കുമ്പോൾ യേശുവിലുള്ള വിശ്വാസത്തെ ധൈര്യത്തോടെ പ്രസ്താവിപ്പാൻ കഴിയേണ്ടതിന്നു തീർച്ചയായും പൗലൊസ് പ്രാർത്ഥിച്ചിരിക്കും.

നിത്യമായ മോചനം (രക്ഷ) ആണോ? പൗലൊസ് ഇതു പൂർണ്ണഹൃദയത്തോടെ വിശ്വസിച്ചിരിക്കണം (ഫിലി. 1:23; റോമർ 5:9 നോക്കുക).

പൗലൊസിന്റെ രക്ഷ എന്ന പ്രയോഗം വ്യാഖ്യാനിക്കുവാൻ ഏറ്റവും ഉചിതമായത് അവസാനം പറഞ്ഞ പോയിന്റായിരിക്കും. ഒരു നിയമമായിട്ട്, "രക്ഷ" എന്ന വാക്ക് പാപത്തിൽനിന്നുള്ള രക്ഷയായിട്ട് പൗലൊസ് ഉപയോഗിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞ "രക്ഷ" എന്ന വാക്കിൽ ഒരുപക്ഷെ ഒന്നിലധികം അർത്ഥം അടങ്ങിയിട്ടുണ്ടാകാം. പൗലൊസിന്, അവസാനം അത് "അവന്റെ രക്ഷക്കായി" ഭവിക്കും.

രക്ഷയോട് രണ്ട് വസ്തുതകൾ ചേർക്കാവുന്നതാണ്. ആദ്യത്തേത്, ഫിലി

പ്പിയരുടെ പ്രാർത്ഥനാ പിന്തുണയാണ്. **നിങ്ങളുടെ പ്രാർത്ഥനയാൽ** "എന്റെ രക്ഷക്ക് കാരണമായി തീരും എന്നു ഞാൻ അറിയുന്നു." അവൻ അവർക്കു വേണ്ടി പ്രാർത്ഥിച്ചു (1:3, 4), തിരിച്ച് അവർ അവന്നു വേണ്ടിയും പ്രാർത്ഥിച്ചു (1:19). പൗലൊസ് പലപ്പോഴും സഹ ക്രിസ്ത്യാനികളുടെ പ്രാർത്ഥന അപേക്ഷി ച്ചിരുന്നു (റോമർ 15:30–32; 2 കൊ. 1:11; 1 തെസ്സ. 5:25; 2 തെസ്സ. 3:1, 2; ഫിലെ. 22). ക്രിസ്ത്യാനികൾ അന്യോന്യം പ്രാർത്ഥിക്കണം.

രണ്ടാമത് ചേർക്കേണ്ട വസ്തുത പരിശുദ്ധാത്മാവിന്റെ പിന്തുണയാണ്: **യേശുക്രിസ്തുവിന്റെ ആത്മാവിന്റെ സഹായത്താലും** "എനിക്ക് രക്ഷാകാര ണമായി തീരും എന്നു ഞാൻ അറിയുന്നു." "സഹായം" എന്നതിന്റെ ഗ്രീക്കിലെ മൂലവാക്ക് (*എപികോരെജിയ*; "നൽകുക"; കെജെവി), ആ വാക്കിൽ നിന്നാണ് ഇംഗ്ലീഷിലെ "കോറസ്" എന്ന വാക്ക് ലഭിച്ചത്. ആ വാക്ക് ആരംഭത്തിൽ ഗ്രീക്ക് പട്ടണത്തിന്റെ ആഘോഷത്തിൽ കോറസിന്റെ ചെലവിൽ പ്രാർത്ഥിക്കുന്നതിന് ആ വാക്ക് ഉപയോഗിച്ചിരുന്നു. അതിലെ അഭിനേതാക്കൾക്ക് ഗവൺമെന്റിനു ധനികരായ ആരെങ്കിലും സംഭാവനകൾ നൽകുമായിരുന്നു. ക്രമേണ കോറ സുമായുള്ള ബന്ധം അവസാനിപ്പിക്കുകയും, ഉദാരതക്കും ധാരാളം നൽകുന്ന തിനുമായി നിലനിർത്തുകയും ചെയ്തു.[12] "യേശുക്രിസ്തുവിന്റെ ആത്മാവ്" പരിശുദ്ധാത്മാവാണ്. യേശു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുകയും ആ വാഗ്ദാനം അവൻ നിറവേറ്റുകയും ചെയ്തു (യോഹ. 14:16, 17; പ്രവൃ. 1:8; 2:1–4). വിശ്വസനിയമായ പ്രയോഗത്തെ വില്യം ബാർക്ലേ ഇങ്ങനെ തർജിമ ചെയ്തിരിക്കുന്നു, "എനിക്ക് ഉദാരമായ സഹായം നൽകുന്നത് ക്രിസ്തുവിന്റെ പരിശുദ്ധാത്മാവാണ്."[13]

തനിക്ക് പരിശുദ്ധാത്മാവ് ഉദാരമായും ധാരാളമായും നൽകുമെന്ന പ്ര തീക്ഷയിലായിരുന്നു പൗലൊസ്, ആത്മാവ് നമ്മെയും സഹായിക്കും. നാം സ്നാനം ഏറ്റു ക്രിസ്ത്യാനികളാകുമ്പോൾ, ദൈവം നമുക്ക് പരിശുദ്ധാത്മാവ് ദാനമായി നൽകുന്നു (പ്രവൃ. 2:38). റോമർ 8:11–13, 26–28 അനുസരിച്ച്, ദൈവ മക്കളിൽ വസിക്കുന്ന പരിശുദ്ധാത്മാവ് ശക്തിയും സഹായവും നൽകും. തനിക്ക് ലഭിച്ച സഹായം കൂടെ കണക്കിലെടുത്തായിരിക്കാം പൗലൊസ് എഴു തിയത്, "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുവേശുവിൽ പൂർണ്ണമായി തീർത്തു തരും" (ഫിലി. 4:19).

### ക്രിസ്തുവിനെ ഉയർത്തൽ (1:20)

**20അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചുപോകാതെ പൂർണ്ണധൈര്യം പൂണ്ട്, ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകയേയുള്ളു എന്നു പ്രതീ ക്ഷിക്കുകയും പ്രത്യാശിക്കയും ചെയ്യുന്നു.**

**വാക്യം 20. തന്റെ താൽപര്യമുള്ള പ്രതീക്ഷ** നിമിത്തമായിരുന്നു, പൗ ലൊസ് തുടർച്ചയായി സന്തോഷിച്ചത്. സംയുക്ത ഗ്രീക്ക് വാക്കായ *അപോ കാരാഡോകിയ* എന്നത് യോജിപ്പിച്ചത് പ്രിപൊസിഷൻ ആയ *അപോ* ("ദൂരത്തു നിന്നു") യും നാമമായ *കാരാ* ("തല") യും ക്രിയ *ഡോകെയോ* ("നോക്കുക") യുമാണ്. *അപോകാരാഡോകിയയെ* ബാർക്ലേ വിവരിക്കുന്നത്

"താൽപര്യത്തോടെ, മറ്റുള്ളവയിൽ നിന്നെല്ലാം ശ്രദ്ധ മാറ്റി ആഗ്രഹമുള്ള ഒന്നിൽ കേന്ദ്രീകരിക്കുക"[14] എന്നാണ്.

സംഭവിച്ചതിലെല്ലാം പൗലൊസ് കണ്ടതായ രണ്ടാമത്തെ നല്ല ഫലമാണ് യേശുവിനെ ഉയർത്തിയത്: **ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴുമെന്നപോലെ ഇപ്പോഴും മഹിമപ്പെടുകയേയുള്ളു**. ഈ പ്രസ്താവന ഒരുപക്ഷെ പൗലൊസ് കൈസരുടെ മുൻപിൽ പ്രത്യക്ഷനാകുന്നതിനു മുൻപുള്ളതായിരിക്കാം. രാജസന്നിധിയിൽ അവൻ ധൈര്യവാനായിരിക്കുമെന്ന ആത്മവിശ്വാസം അപ്പൊസ്തലനുണ്ടായിരുന്നു– തന്റെ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതിനാൽ നിന്ദയും **ലജ്ജയും** ഒഴിവാക്കുവാൻ അവനു കഴിയുമായിരുന്നു.

ക്രമേണ പരസ്യമാകുന്നതെല്ലാം അവസാനം ക്രിസ്തുവിനെ ഉയർത്തും. "ഉയർത്തുക" എന്ന വാക്കിന്റെ (*മെഗലുനോ*) അർത്ഥം "വലുതാക്കിയ," അല്ലെങ്കിൽ "വിപുലമാക്കിയ."[15] ആ ആശയം ആദ്യം അസാധാരണമായി തോന്നിയേക്കാം. യേശു അപ്പോൾ തന്നെ "വലിയവനുമേൽ വലിയവനായിരുന്നു." പൗലൊസിന് എങ്ങനെ പിന്നെയും അവനെ "വലുതാക്കുവാൻ," അല്ലെങ്കിൽ "വിപുലമാക്കുവാൻ" കഴിഞ്ഞു? അവനെ മനുഷ്യരുടെ ഇടയിൽ "വിപുലമാക്കുവാൻ" കഴിഞ്ഞു എന്നതാണ് ഉത്തരം. വലുതാക്കി കാണിക്കുന്ന കണ്ണാടിയിൽ കൂടെ ആളുകൾക്ക് കൂടുതൽ വ്യക്തമായും വലുതായും വസ്തുക്കൾ കാണുവാൻ കഴിയുന്നതുപോലെ, ക്രിസ്തുവിനെ കേന്ദ്രീകരിച്ചു ജീവിക്കുന്നവരിൽകൂടെ മറ്റുള്ളവർക്ക് ക്രിസ്തുവിനെ കൂടുതൽ വ്യക്തമായി കാണുവാൻ കഴിയും.

[തന്റെ] ശരീരത്തിൽ അവൻ ആരാണെന്ന നിലയിൽ "ക്രിസ്തുവിനെ ഉയർത്തി" കാണിക്കുവാൻ കഴിയുമെന്ന് പൗലൊസ് വിശ്വസിച്ചിരുന്നു. ക്രിസ്ത്യാനിയുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണ് (1 കൊ. 6:19) കർത്താവിനായി സമർപ്പിക്കപ്പെടേണ്ടതുമാണ് (റോമർ 12:1). "ജീവനാലായാലും മരണത്താലായാലും ... ക്രിസ്തു ഉയർത്തപ്പെടുമെന്ന്" പൗലൊസ് വിശ്വസിച്ചിരുന്നു–വേറൊരു വാക്കിൽ പറഞ്ഞാൽ, അവൻ ജീവിച്ചാലും മരിച്ചാലും എന്നർത്ഥം. തന്റെ വിചാരണക്കു ശേഷം അവൻ മോചിതനാകുമെന്ന് പ്രതീക്ഷിച്ചിരിക്കാം, എന്നാൽ അവൻ സർവ്വജ്ഞാനിയല്ലായിരുന്നു. *എന്തു തന്നെ* സംഭവിച്ചാലും ക്രിസ്തു മഹത്വപ്പെടണം എന്നാണ് അവൻ വിചാരിച്ചത്.

തന്നെ കുറ്റം ആരോപിക്കുന്നവരെ അഭിമുഖീരിക്കുമ്പോൾ, അവൻ ലജ്ജിക്കപ്പെടാതെ ക്രിസ്തുവിനെ ഉയർത്തുവാനായിരുന്നു തീരുമാനിച്ചത്. ആ പദ്ധതിയിൽ അവൻ തനിക്ക് ബഹുമതി ലഭിക്കണമെന്ന് പ്രതീക്ഷിച്ചിരുന്നോ? ഇല്ല. മൂല ഗ്രന്ഥത്തിൽ, "ലജ്ജിക്കപ്പെടുക," "ഉയർത്തുക" എന്നീ രണ്ടു വാക്കുകളും *നിഷ്ക്രിയ* ഭാവി കാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. വാചകത്തിലെ *ചെയ്തുകഴിഞ്ഞ* ശബ്ദത്തെയാണ് അത് പറയുന്നത്. താൻ ആഗ്രഹിച്ച ഫലത്തിന്റെ ഉത്തരവാദിത്തം *അവന്* അല്ല എന്ന് പൗലൊസ് വിശ്വസിച്ചിരുന്നു; അതിനു *ദൈവ*മാണ് ഉത്തരവാദി എന്നായിരുന്നു അവൻ കരുതിയത്.

പൗലൊസ് ജീവിതത്തെ നോക്കിയതുപോലെ നാം നോക്കി കാണുകയാണെങ്കിൽ, എല്ലാം ശരിയായി തീരും. ദൈവത്തോടുള്ള നമ്മുടെ ബന്ധവും മനോഭാവവും ശരിയാണെങ്കിൽ ദൈവം എല്ലാം നേരെയാക്കും (റോമർ 8:28). എന്തു സമാധാനമാണ് ഇത് നമ്മുടെ ഉള്ളിലേക്ക് കൊണ്ടുവരുന്നത്!

## പ്രായോഗികത

### “ബന്ധനത്തിൽ” ലഭിക്കുന്ന അവസരങ്ങൾ (1:12–14)

തന്റെ ബന്ധനം സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് കാരണമായി എന്നു പൗലൊസ് പറഞ്ഞു, കാരണം അപ്പോൾ വചന വ്യാപ്തിക്കായി അവനു പ്രത്യേക അവസരങ്ങൾ ലഭിച്ചു. പല വിധത്തിൽ നാം “ബന്ധിതരാണ്” എന്നു തോന്നുമെങ്കിലും, ആ “ബന്ധനങ്ങൾ” മിക്കവയും നമുക്ക് മറ്റുള്ളവരോട് സുവിശേഷം പങ്കിടുവാനുള്ള അവസരങ്ങൾ ആയിരിക്കും. പൗലൊസ് പടയാളികളുമായി ബന്ധിക്കപ്പെട്ടപ്പോൾ, അവരെ അവനുമായും ബന്ധിച്ചിരുന്നു. അതുപോലെ ക്രിസ്ത്യാനികളും, ആഗ്രഹിക്കാത്ത–സാഹചര്യങ്ങളാൽ “ബന്ധിതരായിരിക്കുമ്പോൾ”, അവർക്ക് അതേ സാഹചര്യത്താൽ “ബന്ധിതരായ” മറ്റുള്ളവരെ കണ്ടുമുട്ടുവാൻ കഴിയുന്നത്–അവരെ ക്രിസ്തുവിനു വേണ്ടി സ്വാധീനിക്കുവാനുള്ള അവസരങ്ങളാണ്. ചെറിയ കുട്ടികളുള്ള ഒരു വീട്ടിൽ ഒരമ്മ ഒരുപക്ഷെ “ബന്ധിതയായിരിക്കാം”; എന്നാൽ അവർ ആ കുട്ടികളെ കർത്താവിന്റെ വഴികൾ പഠിപ്പിച്ചാൽ (ആവ. 6:7), രാജ്യത്തിനു വേണ്ടി ആ കുട്ടികൾ എന്തെല്ലാം ചെയ്യുമെന്ന് ആർക്ക് അറിയാം? ഒരു സ്ത്രീയെ ഒരു അവിശ്വാസിയുമായി “ബന്ധിപ്പിച്ചിരിക്കാം,” അത് അവൾക്ക് ആ പുരുഷന്നു നല്ല മാതൃക കാണിച്ചുകൊടുക്കുവാനുള്ള അവസരമാണ് (1 പത്രൊ. 3:1, 2). ഒരു ജോലിക്കാരനെ ഒരുപക്ഷെ ഇഷ്ടമല്ലാത്ത ജോലിയുമായി “ബന്ധിപ്പിച്ചിരിക്കാം”, എന്നാൽ തന്റെ സഹപ്രവർത്തകരെ സുവിശേഷം അറിയിക്കുവാനുള്ള അവസരമാണ് അത്.

### നിർമ്മലമായ ഒരു ലക്ഷ്യം (1:15–18)

ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളിൽ ചിലർ സ്വാർത്ഥ ലക്ഷ്യങ്ങൾ വെച്ചു ക്രിസ്തുവിനെ പ്രസംഗിച്ചിരുന്നു എന്നത് മനസിലാക്കുവാൻ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടോ? അവരെ പോലെ ചിലർ നമുക്ക് ചുറ്റും ഇന്നുമുണ്ട്. മറ്റുള്ളവരുടെ തെറ്റു ചൂണ്ടിക്കാണിക്കുവാൻ എളുപ്പം സാധിക്കും, എന്നാൽ നമുക്ക് നമ്മളിലേക്കു തന്നെ നോക്കാം. നമ്മുടെ ക്രിസ്തീയ സേവനലക്ഷ്യങ്ങൾ “നിർമ്മലതയിൽ” നിന്നു കുറവുള്ളതാണോ? പ്രസംഗിക്കുവാൻ ആഗ്രഹിക്കുന്നവരോട് ആദ്യം ഞാൻ ഒരു വാക്ക് പറയട്ടെ: പ്രസംഗം “നല്ല ഉപജീവനത്തിനോ” അല്ലെങ്കിൽ “എളുപ്പത്തിലുള്ള ജീവിതത്തിനോ” ഉള്ള*തല്ല*; പ്രസംഗിക്കുന്നവർ ബഹുമാനത്തിനോ അല്ലെങ്കിൽ ശ്രദ്ധിക്കപ്പെടുന്നതിനോ ഉള്ളത് *അല്ല*; അത് ആത്മാക്കളെ രക്ഷിക്കുന്നതിനും ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുമായിരി*ക്കണം*. പ്രസംഗിക്കാത്ത ക്രിസ്ത്യാനികളോടും ഞാൻ പറയുന്നു. ക്രിസ്തുവിനായി നാം ചെയ്യുന്നത് *എന്തിനു* വേണ്ടി ചെയ്യുന്നു എന്നു നാം ഓരോരുത്തരും പരിശോധിക്കണം. ചില ജോലികൾ നാം ചെയ്യുന്നത് നമുക്ക് പുകഴ്ച്ചയും ശ്രദ്ധയും ലഭിക്കും എന്നുള്ളതുകൊണ്ടാണോ? നാം “അനുമോദിക്കപ്പെട്ടില്ലെങ്കിൽ” അതു വിട്ടുകളയുമോ? “നിർമ്മലമായ ലക്ഷ്യത്തോടെ” അവനെ സേവിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

### പഠിക്കുവാനുള്ള വിലയുള്ള പാഠങ്ങൾ (1:18)

1:18 ൽനിന്നും നമുക്ക് എന്താണ് പഠിക്കുവാനുള്ളത്? മോശവും നാശകരവുമായ ചിന്തകളാൽ നമ്മുടെ മനസുകളെ കലുഷിതമാക്കാതെ നോക്കണം.

യഥാർത്ഥത്തിലുള്ളതോ അല്ലെങ്കിൽ സാങ്കൽപിതമോ ആയ മോശമായ പെരുമാറ്റം കുഴപ്പം തന്നെയാണ്. കൂടാതെ, ആളുകൾ ചെയ്യുന്ന നല്ല പ്രവൃത്തികളെ അത് നല്ല ഉദ്ദേശത്തോടെയല്ല ചെയ്യുന്നത് എന്ന് സംശയമുണ്ടെങ്കിലും, നമുക്ക് അനുമോദിക്കുവാൻ കഴിയണം. മറ്റുള്ളവരുടെ നിഷേധ സ്വഭാവത്തെയല്ല, ക്രിയാത്മക സ്വഭാവത്തെയാണ് നാം കാണേണ്ടത്.

---

കുറിപ്പുകൾ

[1]വില്യം ബാർക്ലേ, *ദ ലെറ്റേഴ്സ് ടു ദ ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ആന്റ് തെസ്സലൊണിയൻസ്.* റെവ. എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1975), 72. [2]ഡബ്ലിയു. ഈ.വൈൻ, ദ എക്സ്പ ാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യു ടെസ്റ്റമെന്റ് വേർഡ്സ്, എഡി. ജോൺ ആർ. കോഹ്ലെൻബെർജർ Ill. (മിന്നെപൊലിസ്: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 468. [3]ഇബിഡ്. [4]ബാർക്ലേ, 20; ആവൻ മലോൺ, പ്രസ് ടു ദ പ്രൈസ്: സ്റ്റഡീസ് ഇൻ ഫിലിപ്പിയൻസ് (നാഷ്വിലേ:20ത് സെഞ്ചുറി ക്രിസ്റ്റ്യൻ, 1991), 35; ചാൾസ് ഈൗർ. സ്വിന്റൽ, ലാഫ് എഗെയിൻ (ഡള്ളാസ്: വേർഡ് പബ്ലിഷിങ്, 1992), 53; വാരെൻ വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം. 2 (വീറ്റൺ Ill.: വിക്ടർ ബുക്ക് ഹൗസ്, 1989), 67. [5]ഈ പാരഗ്രാഫിലെ വിവരങ്ങൾ വിൽബർഫിൽഡിന്റേതടക്കമുള്ള വിവിധ ഉറവിടങ്ങളിൽനിന്നുള്ളതാണ്, *ഫിലിപ്പിയർ-കൊലൊസ്യർ-ഫിലെമോൻ*, ബൈബിൾ സ്റ്റഡി ടെക്സ്റ്റ് ബുക്ക് സീരീസ് (ജോപ്ലിൻ, മോ.: കോളേജ് പ്രസ്, 1969), 27; മലോൺ, 36; ആന്റ് ബാർക്ലേ, 21. [6]ക്വോട്ടഡ് ഇൻ മലോൺ, 37; *ഒറിജെൻ എഗൈൻസ്റ്റ് സെൽസ്*, 3.55. [7]ഇബിഡ്. [8]റോമർ ഏകദേശം ഏ. ഡി. 57 ലും ഫിലിപ്പിയർ പൗലൊസിന്റെ റോമിലെആദ്യ തടവിന്റെ അവസാനം ഏകദേശം ഏ. ഡി. 62 ലും എഴുതിയിരിക്കാമെന്ന് ഇതു കരുതുന്നു. [9]*ദ അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ & സൺസ്. ലിമിറ്റഡ്., 1971), 166. ഈ പാരഗ്രാഫിലെ പൊതുവായ വിവരങ്ങൾ ബാർക്ലേ, 23–ൽ നിന്നുള്ളതാണ്. [10]ഡി. ഏ. ഹേയസ്; ക്വോട്ടഡ് ഇൻ ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ഗലേഷ്യൻസ്, എഫെഷ്യൻസ്, ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1977), 269.

[11]പാറ്റ് എഡ്വിൻ ഹാരെൽ, *ദ ലെറ്റർ ഓഫ് പോൾ ടു ദ ഫിലിപ്പിയസ്,* ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1969), 68. [12]ഹാരെൽ, 68; വിയേഴ്സ്ബേ, 69. [13]ബാർക്ലേ, 24. [14]ഇബിഡ്., 26. മറ്റു നിർവ്വചനങ്ങളായ "എവാച്ചിങ് ദാറ്റ് ടൺസ് ദ ഹെഡ്" (ഹാരെൽ, 70) ആന്റ് "ടു ടൺ ദ ഹെഡ് അന്റ് ഫോക്കസ് വൺസ് ഫാക്കുൽടീസ് ഇന്റെന്റ്ലി ഓൺ ആൻ ഓബ്ജക്റ്റ് ഓർ ഗോൾ" (മലോൺ, 39). [15]ഹാരെൽ, 70.